# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2840** **13.03.2018 ൽ മറുപടിയ്ക്ക്**

## ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ച നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനിൽ അക്കര** | **ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** |
| സംസ്ഥാനത്ത് ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കാൻ കൃഷി വകുപ്പ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ? | ഔഷധ സസ്യങ്ങളുടെ പരിപാലനത്തിനും, ക്രമാതീതമായി നശിപ്പിക്കപ്പെട്ടു കൊണ്ടുമിരിക്കുന്ന പരമ്പരാഗത സസ്യങ്ങളെ നിലനിർത്തുവാനും, അവയെ വീട്ടുവളപ്പുകളിലും വ്യാവസായിക അടിസ്ഥാനത്തിലും കൃഷി ചെയ്ത് ചികിത്സാതലങ്ങളിലേക്ക് എത്തിക്കുവാനുമായി ഈ വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രാരംഭത്തിൽ ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് കൂട്ടതലായി ഉത്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. പരിശീലനത്തിനും, ബോധവത്കരണത്തിനുമായി 2.50 ലക്ഷം രൂപയും വീട്ടുവളപ്പിലും കൃഷിയിടങ്ങളിലും ഔഷധസസ്യങ്ങൾ കൃഷി ചെയ്യുന്നതിനായി 25 ലക്ഷം രൂപയും, വ്യാവസായികാ-ടിസ്ഥാനത്തിൽ ഔഷധസസ്യ കൃഷിക്ക് ക്ലസ്റ്ററുകൾ രൂപീകരിച്ച് കൃഷി ചെയ്യുന്നതിന് 46 ലക്ഷം രൂപയും അസംസ്കൃത ഔഷധ സസ്യങ്ങൾ സംസ്കരിച്ച് പലവിധമായ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് 12.5 ലക്ഷം രൂപയും, എല്ലാ ജില്ലയിലെ ഓരോ ഫാമുകളിലും കർഷകർക്ക് നേരിൽ കണ്ട് ബോധ്യപ്പെട്ട് വ്യാപിപ്പിക്കുന്നതിനു വേണ്ടി ഔഷധസസ്യ കൃഷിയുടെ മ്യൂസിയം സ്ഥാപിക്കുന്നതിന് 14 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നതിനായി നടീൽ മുതൽ സംസ്കരണം വരെയുള്ളവയ്ക്ക് ഊന്നൽ നൽകി കർഷകർക്ക് ബോധവത്കരണവും പരിശീലനവും നൽകുന്നു. ഔഷധ സസ്യങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി 5-8 ഔഷധ സസ്യങ്ങൾ അടങ്ങിയ കിറ്റുകൾ കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരവും ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം നടപ്പിലാക്കുന്ന ദേശീയ ഔഷധസസ്യ മിഷൻ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. **ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം-**
   ആധുനിക സൗകര്യങ്ങളോടു കൂടി സ്ഥാപിക്കുന്ന മാതൃകാ നഴ്സറികൾക്കും ചെറുകിട നഴ്സറികൾക്കും വൻതോതിൽ ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി ധനസഹായം നൽകുന്നു.

2. **ഔഷധ സസ്യങ്ങളുടെ വിളവിസ്തൃതി വർദ്ധിപ്പിക്കൽ**
   ഔഷധ സസ്യ കൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട 26 ഔഷധസസ്യങ്ങൾക്കാണ് ധനസഹായം നൽകുന്നത്.

3. **വിളവെടുപ്പാനന്തര പരിപാലനം-**
   ഔഷധസസ്യങ്ങളുടെ വിളവെടുപ്പാനന്തര പരിപാലനത്തിലൂടെ ഉണക്കുപുരകൾ സ്ഥാപിക്കുന്നതിനായി സ്വകാര്യ മേഖലയിൽ 10 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി പദ്ധതി ചെലവിന്റെ 50 ശതമാനം ധനസഹായം നൽകി വരുന്നു.

4. **ഫ്ളെക്സി ഘടകം(Flexi Component)**
   ഔഷധ സസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പരിശീലന പരിപാടികൾ, Buyer Seller Meet സംഘടിപ്പിക്കുന്നതിന് 100% സാമ്പത്തിക സഹായവും ചില്ലറ വ്യാപാര വിപണികൾ സ്ഥാപിക്കുക വഴി പൊതുമേഖല സ്ഥാപനങ്ങൾക്ക് 100% സാമ്പത്തിക സഹായവും, സ്വകാര്യ മേഖലയിൽ 50% സാമ്പത്തിക സഹായവും ഈ ഘടകത്തിൽ ഉൾപ്പെടുത്തി നൽകി വരുന്നു.

Mayaf

സെക്ഷൻ ഓഫീസർ